KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.53/PR/PIC/PHQ/17 Date : 17.03.2017

---

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംഗമം മാർച്ച് 18 മുതൽ 25വരെ തിരുവനന്തപുരത്ത്

കേരള പോലീസ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഈവർഷത്തെ എസ്.പി.സി വേനൽ സംഗമം മാർച്ച് 18 മുതൽ 25വരെ തിരുവനന്തപുരത്ത് സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ നടക്കും. 18 ന് വൈകുന്നേരം 6 മണിക്ക് കേരള ഗവർണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവം സംഗമം ഉദ്ഘാടനം ചെയ്യും.

മാതൃകാ പദ്ധതിയെന്ന നിലയിൽ ദേശീയ തലത്തിൽ അംഗീകാരം നേടിയ എസ്.പി.സി. പദ്ധതിയുടെ ഏറ്റുവും പ്രധാന പരിപാടിയാണ് എസ്.പി.സി. സംഗമം. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഈ വർഷം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചിരിക്കുയാണ്. എസ്.പി.സി.യുടെ അൻപതിനായിരത്തോളം കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത അറുനൂറോളം പേരാണ് ഈ സംഗത്തിൽ പങ്കെടുക്കുന്നത്.

കെ.മുരളീധരൻ എം.എൽ.എ. അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ തിരുവനന്തപുരം സിറ്റി മേയർ വി.കെ.പ്രശാന്ത് മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്വാഗതവും സൗത്ത്സോൺ എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ കൃതജ്ഞതയും പറയും. ഡി.പി.ഐ. കെ.വി.മോഹൻകുമാർ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം, കൊച്ചി റേഞ്ച് ഐ.ജി. പി.വിജയൻ, സിറ്റി പോലീസ് കമ്മീഷണർ ജി.സ്പർജൻകുമാർ എന്നിവർ പങ്കെടുക്കും.

മുഖ്യമന്ത്രി, മന്ത്രിമാർ, ജനപ്രതിനിധികൾ, മുതിർന്ന ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, സാമൂഹികപ്രവർത്തകർ, ചലച്ചിത്ര-സാഹിത്യ-കായിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

*******